# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2472** **12.06.2018-ൽ മറുപടിക്ക്**

### കോട്ടക്കൽ ഇരിമ്പിളിയത്ത് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ വെണ്ടല്ലൂർ പറമ്പത്ത് കാവ് ആസ്ഥാനമാക്കി വൈദ്യുതി ക്ഷാമം പരിഹരിക്കുവാൻ ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ വേണ്ടി പ്രദേശവാസികൾ വൈദ്യുതി വകുപ്പ് അധികൃതർക്ക് നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന ആസൂത്രണം ചെയ്ത നടപ്പിലാക്കുന്ന പ്രവൃത്തികളിൽ പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇരിമ്പിളിയം പഞ്ചായത്തിലെ ജനങ്ങൾ ഇപ്പോൾ നിരവധി വാഹനം കയറിയിറങ്ങിയാണ് വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വളാഞ്ചേരി കെ. എസ്. ഇ. ബി. ഓഫീസിലേയ്ക്ക് പോകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | പരിശോധിച്ചിട്ടുണ്ട്. വളാഞ്ചേരി സെക്ഷൻ വിഭജിച്ച് ഇരിമ്പിളിയം ആസ്ഥാനമാക്കി ഒരു സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറും സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചതിനു ശേഷം, ചീഫ് എഞ്ചിനീയർ 2014 മാർച്ച് മാസത്തിൽ സമർപ്പിച്ച പ്രൊപ്പോസലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇരിമ്പിളിയം ആസ്ഥാനമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ പ്രദേശവാസികൾ നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ; ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും പരിശോധന റിപ്പോർട്ട് ലഭ്യമാക്കാമോ;വ്യക്തമാക്കാമോ; | | |
| (ഡി) | ഇരിമ്പിളിയം ആസ്ഥാനമാക്കി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ |

| | | | |
|---|---|---|---|
| | | | കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.<br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

2472

ശുപാർശ

# BIFURCATION DATA

| Details | Existing Electrical section Valanchery | Existing Electrical section Edayur | Proposed Electrical section Irimbiliyam | Electrical section Valanchery after Bifurcation | Electrical section Edayur after Bifurcation |
|---|---|---|---|---|---|
| Number of consumers | 21360 | 12002 | 10141 | 12909 | 10312 |
| Geographical area in Sq. Km | 76 | 37.2 | 38 | 45 | 30.2 |
| HT line in Km | 62 | 50.35 | 27 | 42 | 43.35 |
| LT line in Km | 372 | 254.56 | 188 | 224 | 214.56 |
| No. of Transformers | 111 | 68 | 41 | 78 | 60 |
| Local bodies | Valanchery(part)<br>Iribiliyam(part)<br>Kuttippuram(part)<br>Athavanad(part) | Valanchery(part)<br>Iribiliyam(part)<br>Edayur<br>Marakara(part)<br>Melmuri(part) | Valanchery (part)<br>Irimbiliyam | Valanchery (part)<br>Kuttippuram (part)<br>Athavanad (part) | Valanchery (part)<br>Edayur<br>Marakara (part)<br>Melmuri(part) |

[signature]